LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 30, വെള്ളി

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2004 ജനുവരി മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ..... ചോദ്യം നമ്പർ 211

സർക്കാർ ഏറ്റെടുത്ത കായൽ നിലങ്ങൾ

*1 [211] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി എത്ര കായൽ നിലങ്ങൾ സർക്കാർ ഏറ്റെടുത്തു;

(ബി) ഇവയിൽ ഏതെല്ലാം കായൽ നിലങ്ങൾ ഏതെല്ലാം സഹകരണ സംഘങ്ങളെ കൃഷി ചെയ്യാനായി ഏൽപ്പിച്ചു;

(സി) അതിൽഏതെല്ലാം സഹകരണ സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ഡി) ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ഓരോന്നിന്റെയും ഒട്ടാകെ നഷ്ടമെത്ര;

(എഫ്) ഇവയെ ലാഭത്തിലാക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളുണ്ട് എന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ 282.74 ഏക്കർ കായൽ നിലവും കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി, കൊല്ലം താലൂക്കുകളിൽ പാവുംബ, വട്ടക്കായൽ, ആദിച്ചനല്ലൂർ വില്ലേജ് എന്നിവിടങ്ങളിൽ 22.43 ഏക്കർ നിലവും ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ ചിത്തിര, റാണി, മാർത്താണ്ഡം കായലുകളിലായി 2015.43 ഏക്കർ നിലവും കോട്ടയം താലൂക്കിൽ ഐയ്മനം വില്ലേജിൽ 22.61 ഏക്കർ നിലവും മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്.

(ബി) റാണി, ചിത്തിര, മാർത്താണ്ഡം കായൽ നിലങ്ങളിൽ 'ക്യൂ' ബ്ലോക്ക് ജോയിന്റ് ഫാമിംഗ് സഹകരണ സംഘം, 'എസ്' ബ്ലോക്ക് ജോയിന്റ് ഫാമിംഗ് സഹകരണ സംഘം, 'റ്റി' ബ്ലോക്ക് ജോയിന്റ് ഫാമിംഗ് സഹകരണ സംഘം എന്നീ സംഘങ്ങളെ കൃഷി ചെയ്യാൻ നിയോഗിച്ചു.

(സി) സംഘങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അവയെല്ലാം ലിക്വിഡേഷനിലാണ്.

(ഡി) മൂന്ന് സംഘങ്ങളും നഷ്ടത്തിലായിരുന്നു.

(ഇ) സംഘങ്ങളുടെ നഷ്ടത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

'ക്യൂ' ബ്ലോക്ക് ജോയിന്റ് ഫാമിംഗ് : കോ-ഓപ്പറേറ്റീവ് സൊസൈറ്റി 31.87 ലക്ഷം രൂപ

'എസ്'-ബ്ലോക്ക് ജോയിന്റ് ഫാമിംഗ് : കോ-ഓപ്പറേറ്റീവ് സൊസൈറ്റി 24.61 ലക്ഷം രൂപ

'റ്റി'-ബ്ലോക്ക് ജോയിന്റ് ഫാമിംഗ് : കോ-ഓപ്പറേറ്റീവ് സൊസൈറ്റി 51.78 ലക്ഷം രൂപ

(എഫ്) ലിക്വഡേഷനിലായതുകൊണ്ട് ചോദ്യം ബാധകമല്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി ഏറ്റെടുത്ത എത്ര കായൽ നിലങ്ങളിൽ കൃഷി നടക്കുന്നുണ്ട്, ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ?

ശ്രീ. കെ. എം. മാണി : സർ, ഇപ്പോൾ കൃഷിയൊന്നും നടക്കുന്നില്ല. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇല്ല. കൃഷിക്കാരായ അംഗങ്ങൾ കൂടി കർഷക സമിതി രൂപീകരിച്ചുകൊണ്ട് കൃഷി ചെയ്യുന്നുണ്ട്. സംഘങ്ങൾ ലിക്വിഡേഷനിലാണ്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃഷി നടക്കുന്നില്ല. 2015 ഏക്കറിലാണ് കൃഷി.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, മന്ത്രി പറഞ്ഞ മറുപടിയിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നില്ല എന്നാണ് പറഞ്ഞത്. ഇന്ന് പല സഹകരണ സംഘങ്ങളിലും ദുർഭരണമാണ് നടക്കുന്നത്. അതുകൊണ്ട് ഈ സംഘം ഭാരവാഹികളിൽ നിന്ന് ഈ നഷ്ടം ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, അസറ്റ്സ് ആന്റ് ലയബിലിറ്റിയെ സംബന്ധിച്ചിടത്തോളം അത് എങ്ങനെ കിട്ടണം എന്നുള്ളതിനെക്കുറിച്ച് അസറ്റ്സ് ആന്റ് ലയബിലിറ്റി തിട്ടപ്പെടുത്തി ലിക്വിഡേറ്റ് ചെയ്ത് അവസാന റിപ്പോർട്ടിൽ ആരെങ്കിലും റെസ്പോൺസിബിൾ ആയിട്ടുണ്ടെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം റിപ്പോർട്ട് രജിസ്ട്രാർക്ക് കൊടുത്തു കഴിഞ്ഞാൽ പിന്നീട് അതിൻമേൽ നടപടി നടത്താവുന്നതാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, സംസ്ഥാനത്തെ നാല് ജില്ലകളിലായി ഏർപ്പെടുത്തിയ ഈ സംവിധാനം സഹകരണ മേഖലയിലെ പിടിപ്പുകേടുകൊണ്ടാണോ നഷ്ടപ്പെട്ടത് അതല്ല ഈ സഹകരണ സംഘങ്ങളുടെ തലപ്പത്ത് ഇരിക്കുന്ന ഭരണസമിതിയുടെ കുറ്റം കൊണ്ടാണോ ഈ അപാകത സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: പല കാരണങ്ങൾ കാണും. അതിൽ ഒരു കാരണം തീർച്ചയായും സംഘത്തിന്റെ ഭരണസമിതിയുടെ കാര്യക്ഷമതയില്ലായ്മയാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, പുതുതായി ധനകാര്യ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പുനരുദ്ധാരണത്തിനും വൈവിധ്യത്തിനും വേണ്ടി സഹകരണ മേഖലയിൽ ഏതാണ്ട് 7 കോടി ഉറുപ്പികയോളം നീക്കിവച്ചതായി കാണുകയുണ്ടായി. ഈ സംഖ്യ ഉപയോഗിച്ച് നഷ്ടത്തിൽ ഒരിക്കലും പ്രവർത്തിക്കുകയില്ലാത്ത ലിക്വിഡേഷനിലുള്ള ഈ സംഘത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തി ലാഭകരമാക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി : സർ, ലാഭകരമാകും. ഒരു കാലത്ത് മുരിക്കൻ കൃഷി ചെയ്തുകൊണ്ടിരുന്ന സ്ഥലമാണ്. അത് സഹകരണ സംഘങ്ങളെ ഏൽപ്പിച്ചു. വാസ്തവം പറഞ്ഞാൽ സഹകരണ സംഘങ്ങളെക്കൊണ്ട് നടത്താൻ പറ്റില്ല പരാജയം ആണെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. ഇനി എന്തുവേണം എന്ന് എനിക്ക് അറിഞ്ഞുകൂടാ. അത് സംബന്ധിച്ച് എക്സ്പേർട്ട് ആയവരോട് ആലോചിച്ച് വേണ്ട കാര്യങ്ങൾ ചെയ്യാം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, വർഷങ്ങൾക്ക് മുമ്പ് സാമൂഹ്യ വ്യവസ്ഥിതിയുടെ മാറ്റത്തിനു വേണ്ടിയാണ് കായൽ നിലങ്ങൾ സർക്കാർ ഏറ്റെടുത്തതും കൃഷിഭൂമിയില്ലാത്ത തൊഴിലാളികൾക്ക് അത് വീതിച്ചു കൊടുത്തതും. ഇത് ഉദ്ദേശിച്ച ഫലം ഉണ്ടാകാത്ത ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് പഠനം നടത്തുകയും രാഷ്ട്രീയ പ്രേരിതമല്ലാത്ത നിലയിൽ ഇതിൽ കൃഷിയിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനേക്കുറിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കുമോ; നടപടികൾ ഉണ്ടാകുമോ?

ശ്രീ. കെ. എം. മാണി : സർ, ഇതിൽ പല പ്രശ്നങ്ങളും അന്തർലീനമാണ്. ഇപ്പോൾ ആധികാരികമായി എന്തെങ്കിലും ഒപ്പീനിയൻ പറയാൻ നിർവാഹമില്ല. ലിക്വിഡേഷൻ റിപ്പോർട്ട് വന്നതിനുശേഷം അത് ഗവൺമെന്റ് വിലയിരുത്തി സഹകരണ ഡിപ്പാർട്ടുമെന്റിൽ നിന്നും അത് സംബന്ധിച്ച് അവസാന തീരുമാനം എടുക്കണം. പിന്നെയത് ക്യാബിനറ്റിൽ ചർച്ച ചെയ്യും. അതുകൊണ്ട് എനിക്ക് അതേപ്പറ്റി ആധികാരികമായ ഒരഭിപ്രായം ഇപ്പോൾ പറയാൻ പറ്റില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഇതൊക്കെ സഹകരണ സംഘത്തിന്റെ നടപടി ക്രമങ്ങളാണ്. അതല്ലല്ലോ ഇത് സംബന്ധിച്ച കാര്യങ്ങൾ. ഇത്രയും ഭൂമി വർഷങ്ങളായി കൃഷി ചെയ്യാൻ കഴിയാതെ, വരുമാനം ഉണ്ടാക്കാൻ കഴിയാതെ കിടക്കുന്നു. ഇത്

രാഷ്ട്രത്തിനുവന്ന ഏറ്റവും വലിയ നഷ്ടമല്ലേ. ഈ സ്ഥിതിയിൽ മിച്ചഭൂമി കേസുകൾ ഇനിയും തീർപ്പാകാതെ എത്ര കിടപ്പുണ്ട്? അത് സമയബന്ധിതമായി തീർക്കുകയും ഈ ഭൂമി അർഹതപ്പെട്ട ആളുകൾക്ക് നൽകുകയും ചെയ്യാൻ ആവശ്യമായ നടപടികൾ സംസ്ഥാന നിലവാരത്തിൽ എടുക്കുമോ?

ശ്രീ. കെ. എം. മാണി: സർ, ഇതൊരു കോംപൗണ്ട് ചോദ്യമാണ്. സാധാരണ മിച്ചഭൂമി തൊഴിലാളികൾക്ക് വിതരണം ചെയ്യുമ്പോൾ അവർ കൃഷി ചെയ്യുന്നതുപോലെ അല്ല ഇത്. കായൽ കൃഷി എന്നു പറയുന്നത് വളരെ ബുദ്ധിമുട്ടേറിയ കൃഷിയാണ്. കുറേശ്ശെ കുറേശ്ശെ ഓരോരുത്തർക്കും വീതിച്ചു കൊടുത്താൽ അവർക്കെല്ലാം നല്ല രീതിയിൽ കൃഷി ചെയ്യാൻ പറ്റി എന്നുവരില്ല. അതുകൊണ്ടാണ് റോട്ടറി മെക്കാനിസം എന്നുള്ള നിലയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. അത് പരാജയപ്പെട്ടു. ഇനി പരാജയകാരണങ്ങൾ എന്താണെന്ന് കണ്ടുപിടിച്ചുകൊണ്ട് ഈ കാരണങ്ങൾ ഒഴിവാക്കിക്കൊണ്ട് പുതിയ എന്തെങ്കിലും സംവിധാനം ഉണ്ടാക്കാം. അതേപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കാം.

ശ്രീ. വർക്കല കഹാർ : സർ, സഹകരണ സംഘങ്ങളെ ഏൽപ്പിച്ച വയലുകളിൽ നിന്ന് വൻ തോതിൽ കക്ക ഖനനം നടത്തുന്നതുകൊണ്ട് കുഴികളാവുകയും അത് കൃഷിക്ക് അസാധ്യമായി തീരുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതിന് എതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി:: സർ, അനധികൃതമായി എവിടെയെങ്കിലും കക്ക വാരുന്നുണ്ടെങ്കിൽ അത് തടയാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ആലപ്പുഴ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷേ ട്രാവൻകൂർ സിമന്റ് സിന് കുറെ കക്ക വാരാൻ അനുവാദം കൊടുത്തിട്ടുണ്ട്. കൃഷിക്ക് തടസ്സമായ നിലയിൽ കക്ക വാരാൻ ഒരിക്കലും അനുവദിക്കില്ല. പ്രത്യേകിച്ചും തീരത്തിനടുത്ത് ഒരിക്കലും കക്ക വാരാൻ അനുവദിക്കില്ല. ഡീപ്പായ സ്ഥലങ്ങളിൽ കക്ക വാരാം. പക്ഷേ ഏത് നിലയിലാണെങ്കിലും ദൃഷ്യക്കരമായ നിലയിൽ കക്ക വാരാൻ അനുവദിക്കില്ല.

ശ്രീ. വർക്കല കഹാർ : സർ, ഈ സംഘങ്ങളെപ്പറ്റി അന്വേഷണം നടത്തി നഷ്ടത്തിന്റെ കാരണം കണ്ടെത്തി അതിന് ഉത്തരവാദികളായ ആളുകൾക്കെതിരെ നടപടി സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. കെ. എം. മാണി : അതിന് ഡോ. ജോസഫ് ആണ് ആധികാരികമായി പറയേണ്ടത്. അദ്ദേഹം എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്താൽ എൻലൈറ്റൻഡ് ആകാം.

ശ്രീമതി മാലേത്ത് സരളാദേവി : സർ, ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി സർക്കാർ കായൽ നിലങ്ങൾ ഏറ്റെടുത്തു. ഏറ്റെടുത്ത കായൽ നിലങ്ങൾ കേരളത്തിന്റെ എത്രയും മനോഹരമായ ദൃശ്യങ്ങൾ ഉൾക്കൊണ്ടിരുന്നു. ഈ സ്ഥലങ്ങളിൽ 70 ഹെക്ടർ സ്ഥലം കേരളത്തിൽ കണ്ടൽ കാടുകൾ നിറഞ്ഞ കായൽ നിലങ്ങൾ ഉണ്ടായിരുന്നു. കായൽ തീരങ്ങളുണ്ടായിരുന്നു. ഇത് ഏറ്റെടുത്ത് കൃഷിക്കുവേണ്ടി കൊടുത്തു. ഈ സർക്കാർ ഏറ്റെടുത്ത നിലങ്ങളെ സംബന്ധിച്ച് ആവാസ പ്രശ്നങ്ങൾ അതിൽ വന്നിട്ടുണ്ടോ? അതിൽ ചെമ്മീൻ മുതലായ മൽസ്യ സമ്പത്ത് ഉണ്ടായിരുന്ന നിലങ്ങളാണോ ഏറ്റെടുത്തത്? സർക്കാർ നിലങ്ങൾ ഏറ്റെടുക്കുമ്പോൾ അതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ചയ്ക്ക് ശേഷം അതിന്റെ പശ്ചാത്തലം മനസ്സിലാക്കിയിട്ടാണോ ഏറ്റെടുത്തത് എന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, മുമ്പ് ഏറ്റെടുത്ത കാര്യങ്ങളെ സംബന്ധിച്ച്, ഏതായാലും കണ്ടൽക്കാടുകൾ ഗവൺമെന്റ് സംരക്ഷിക്കും. സംരക്ഷിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം.

ശ്രീമതി മാലേത്ത് സരളാദേവി : സർ, സഹകരണ സംഘങ്ങൾ ഏറ്റെടുത്ത നാല് ജില്ലകളിലെ കായൽ നിലങ്ങളിലെ കൃഷിക്ക് വേണ്ടത്ര പുരോഗതി വന്നിട്ടില്ല. ഇപ്പോൾ കുടുംബശ്രീ പദ്ധതി കേരളത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്ന പ്രവർത്തന ശൈലിയുമായി മുന്നോട്ടു പോകുമ്പോൾ കുടുംബശ്രീകളെ ഈ കായൽ നിലങ്ങൾ ഏറ്റെടുത്ത് കൃഷിക്കുവേണ്ടി പരിശീലിപ്പിക്കുന്ന പദ്ധതി തയ്യാറാക്കാൻ പറ്റുമോ ?

ശ്രീ. കെ. എം. മാണി : സർ, കുടുംബശ്രീ കൊണ്ട് ഈ "കയ്യു.എസ്.റ്റി." കായൽ നിലങ്ങളിൽ കൃഷി നടത്താൻ കഴിയുമോ എന്ന് എനിക്കറിയില്ല. പരീക്ഷിക്കാം എന്നല്ലാതെ അതേപ്പറ്റി നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്, ചിന്തിക്കേണ്ടതായിട്ടുണ്ട്.

ഡോ. കെ. സി. ജോസഫ് : സർ, നമ്മുടെ "കയ്യു.എസ്.റ്റി." കായൽ നിലങ്ങളിൽ "കയ്യു" ബ്ലോക്കിൽ മാത്രമാണ് അത്യാവശ്യം കൃഷിയുള്ളത്. ബാക്കി ബ്ലോക്കിൽ കൃഷിയില്ല. അതിനുള്ളിൽ നിന്ന് കക്കവാരി അത് നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിഭൂമിയില്ലാത്ത ദരിദ്രർക്ക് ഓരോ ഏക്കർ വീതം കൊടുത്തതാണ്. അവരെ സംരക്ഷിക്കേണ്ടതും അതിൽ നിന്ന് ആദായം കിട്ടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും കൃഷി നിലനിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതും ഒരു പ്രധാന കാര്യമാണ്. കൃഷി നടത്താൻ വേണ്ട പ്രായോഗികമായ നിർദ്ദേശത്തെക്കുറിച്ച് ആലോചിക്കുന്നതിന് തൊഴിലാളി പ്രതിനിധികളുടേയും കർഷകരുടേയും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടേയും യോഗം വിളിച്ചുകൂട്ടി ഇപ്പോൾ നെല്ലുൽപ്പാദനം കുറച്ചുകൊണ്ടുവരുന്ന സാഹചര്യത്തിൽ നെല്ലുൽപ്പാദനം നടക്കുന്നു എന്ന് ഉറപ്പുവരുത്താനും അതിന്റെ ഗുണഭോക്താക്കൾക്ക് ആദായം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനും കൃഷി പുനരുദ്ധരിക്കുന്നതിന് എന്തുചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ഒരു ചർച്ച വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കുന്നതിനും ആ തീരുമാനം നടപ്പാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ഡോ. കെ. സി. ജോസഫ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഏതായാലും 1803 അംഗങ്ങളാണ് ഈ സംഘങ്ങളിലുള്ളത്. 1803 കൃഷിക്കാരെ സംബന്ധിക്കുന്ന കാര്യമാണ് ഇത്. വലിയ ഒരു ജീവൽ പ്രശ്നമാണ്. അതുകൊണ്ട് ഇങ്ങനെ ഒരു കോൺഫറൻസ് തീർച്ചയായിട്ടും വിളിച്ചുകൂട്ടുന്ന കാര്യത്തിൽ ഗവണ്മെന്റ് നടപടിയെടുക്കാം. വിളിച്ചുകൂട്ടാം. നല്ല ക്രിയാത്മകമായ നിർദ്ദേശം വരുന്നുവെങ്കിൽ അത് നല്ല കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കായൽഭൂമി ഏറ്റെടുക്കാനുള്ള നിയമത്തിന്റെ തുടക്കം ബഹുമാനപ്പെട്ട അങ്ങുതന്നെയാണ്.

മി. സ്പീക്കർ : ഞാനാണ് ഈ ക്രൂരത കാണിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ചരിത്രപ്രധാനമായ സംഭവമായിട്ട് അന്ന് ഉത്തരവ് ഇറക്കുകയും ചെയ്തു. എന്റെ ചോദ്യം, ഇപ്പോൾ ഭൂമി ഫ്രാഗ്മെന്റായി വരികയാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കൃഷി ഉൽപന്നങ്ങൾ വർദ്ധിച്ചിട്ടുള്ള സംസ്ഥാനങ്ങളുടെ താല്പര്യവും അവരുടെ എക്സ്പീരിയൻസും കൂടി നോക്കിക്കൊണ്ട് ഫ്രാഗ്മെന്റഡായിട്ട്

വന്നുകൊണ്ടിരിക്കുന്ന ഭൂമി ഇങ്ങനെ പോകുന്നത് കേരളത്തിലെ കൃഷി ഉൽപന്നങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാഹചര്യം ഒരുക്കുമോ എന്ന് പരിശോധിച്ച് ഒരു പുതിയ നയം ആവിഷ്ക്കരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : പഴയ തെറ്റുകൾ തിരുത്താൻ എല്ലാവരും തയ്യാറായാൽ നല്ലതാണ്. അന്ന് കേരള കോൺഗ്രസ് നിയമസഭയിൽ ഇതിനെ സംബന്ധിച്ച പ്രായോഗികവശത്തെക്കുറിച്ച് സംശയം പ്രകടിപ്പിച്ചത് ഞങ്ങളോർക്കുന്നു. ഏതായാലും ഞങ്ങൾ അന്ന് പറഞ്ഞ കാര്യങ്ങൾ ശരിയായിരുന്നു എന്ന് മനസ്സിലാക്കി ഇപ്പോഴെങ്കിലും വരുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഏതായാലും അങ്ങ് പറഞ്ഞ ഫ്രാഗ്മെന്റേഷൻ തടയുന്നതിനുവേണ്ടിയാണ് ഈ സംഘങ്ങൾ ഉണ്ടാക്കിയത്. അത് തടയുന്നതിനെസംബന്ധിച്ചിടത്തോളമുള്ള നയങ്ങൾ നമുക്ക് രൂപീകരിക്കാം. കേരളാ ഗവണ്മെന്റിന്റെ നയമാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഫ്രാഗ്മെന്റ് ചെയ്യാതെ എങ്ങനെ ഇതിനെ സംരക്ഷിക്കാൻ കഴിയും എന്നുള്ളത് ചിന്തിക്കാം.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഫ്രാഗ്മെന്റേഷൻ വന്നിട്ടുണ്ട്, അത് തടയുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ആലോചിക്കുമെന്നു പറഞ്ഞു. ഈ ഭൂപരിധി നിയമത്തിൽ മാറ്റം വരുത്താൻവേണ്ടി ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി : അത് രണ്ടും രണ്ടാണ്. ഓരോ കോൺടെക്സ്റ്റിലാണ് ഇത് പറയേണ്ടത്. കോൺടെക്സ്റ്റ് എന്നുപറഞ്ഞാൽ ഫ്രാഗ്മെന്റേഷൻ എന്ന അർത്ഥത്തിലല്ല. മിച്ചഭൂമി പാവപ്പെട്ട തൊഴിലാളികൾക്ക് ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നത് ഫ്രാഗ്മെന്റേഷൻ ആയിട്ട് ഞങ്ങൾ കരുതുന്നില്ല. അത് നിയമപ്രകാരം നടപ്പിലാക്കും. പാവപ്പെട്ടവർക്ക് ആ ഭൂമി കൊടുക്കും. നേരെ മറിച്ച് "കൃ.എസ്.റ്റി." കായലിനെ സംബന്ധിച്ചിടത്തോളം ഇനിയും അത് ഫ്രാഗ്മെന്റ് ചെയ്ത് 1600 പേർക്കായി വീതിച്ച്, ഓരോരുത്തരും കൃഷി ചെയ്യുക എന്നുള്ളത് തെറ്റാണ്. അത് പ്രായോഗികമല്ല. അതുകൊണ്ട് അതുസംബന്ധിച്ച നയം ആകാം എന്നാണ് ഞാൻ ഈ കോൺടെക്സ്റ്റിൽ പറഞ്ഞ ഉത്തരം.

ശ്രീ. ഡി. സുഗതൻ : സർ, "കൃ.എസ്.റ്റി." കായൽ എന്റെ മണ്ഡലത്തിലാണ്. അങ്ങ് കൃഷിമന്ത്രിയായിരുന്ന 1975-ൽ ഡി.ഐ.ആർ ഉപയോഗിച്ചാണ് ഈ കായൽ ഏറ്റെടുത്ത് 1600 കർഷകത്തൊഴിലാളികൾക്ക് രാഷ്ട്രീയവും ഒന്നുംനോക്കാതെ നറുക്കിട്ട് കൊടുത്തത്. 600 പട്ടികജാതിക്കാർക്ക് കൊടുത്തിട്ടുണ്ട്. ഈ മൂന്ന് കായലിലും ഓരോ ലീഡർഷിപ്പിൽ ഐ.എൻ.ടി.യു.സി. ഒരു കായൽ, സി.ഐ.ടി.യു. ഒരു കായൽ, ആർ.എസ്.പി ഒരു കായൽ അങ്ങനെയാണ് ലീഡർഷിപ്പ്—ഇപ്പോഴും ലാഭകരമായി കൃഷി നടക്കുന്നുണ്ട്. നെല്ലുല്പാദക സമിതിയാണ് കൃഷി നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് മറ്റ് രണ്ട് കായലുകളിലും നെല്ലുൽപാദക സമിതിക്ക് കൃഷി ചെയ്യാനാവശ്യമായ സാഹചര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതായിട്ടുണ്ട്. രണ്ട് കായലിലും കൃഷിയില്ലാതായിട്ട് അതെല്ലാം ഒലിച്ചുപോകുകയാണ്. സമുദ്രജലനിരപ്പിന് താഴെയാണ് അവർ കൃഷി ചെയ്യുന്നത്. പുറംബണ്ടുകളുടെ കെട്ട് ശരിയാക്കുന്നതിന് നബാർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആ പദ്ധതി നടപ്പാക്കിക്കൊണ്ട് അവരെ കൃഷി ചെയ്യാൻ അനുവദിച്ചാൽ ഇത് മുന്നോട്ടു പോകാൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇതൊക്കെ രാഷ്ട്രീയാടിസ്ഥാനത്തിൽ തൊഴിലാളിയൂണിയനുകൾക്ക് വീതിച്ചുകൊടുത്തത് ശരിയായില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. കൃഷിഭൂമി കൃഷി ചെയ്യുന്നവനാണ്. അത് കൃഷിചെയ്യാൻ താൽപര്യമുള്ളവരെയും യോഗ്യരായിട്ടുള്ളവരെയും കാര്യക്ഷമമായി ചെയ്യുന്ന ആളുകളേയും കണ്ടുപിടിച്ചുകൊണ്ട് സൊസൈറ്റികൾ ഉണ്ടാക്കേണ്ടതായിരുന്നു. ഏതായാലും ഇതിനെ സംബന്ധിച്ച സമഗ്രമായ ഒരു പഠനം നടത്തി അധികം താമസിയാതെ നമുക്ക് നയപരമായ ഒരു തീരുമാനം എടുക്കാം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, കുട്ടനാട് കൃഷിയിറക്കുന്നതിനെ സംബന്ധിച്ച് ഡോ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞു. സമുദ്രനിരപ്പിൽനിന്നും താഴെ ഭൂനിരപ്പിലുള്ള സ്ഥലത്ത് പുറംബണ്ടിട്ട് വെള്ളം പമ്പ് ചെയ്താണ് കൃഷിചെയ്യുന്നത്. പുറംബണ്ട് സംരക്ഷിക്കണം. ഭൂവുടമസ്ഥർ കരയ്ക്ക് കിടക്കുകയും ഭൂമി കായലിൽ കിടക്കുകയുമാണ്. ഈ "കൃ.എസ്.റ്റി." കായലിൽ സഹകരണസംഘം പരാജയപ്പെടാനുള്ള കാരണങ്ങളെക്കുറിച്ച് പഠിച്ച് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഈ കായലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു പ്രോജക്ട് ഗവണ്മെന്റിന്റെ മുമ്പിൽ സബ്മിറ്റ് ചെയ്തിട്ടുണ്ട്. ഈ സബ്മിറ്റ് ചെയ്ത പ്രോജക്ട് അങ്ങുപോലും കണ്ടിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. അടിയന്തിരമായി അങ്ങ് ഈ പ്രോജക്ട് വരുത്തി പരിശോധിക്കണം. അത് അംഗീകാരം പ്രതീക്ഷിച്ചുകിടക്കുകയാണ്. ഇപ്പോഴാണെങ്കിൽ അനധികൃത കക്കാ ഖനനം നടക്കുകയാണ്. അതിനെതിരെ ആളുകൾ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്ത് റാണി, ചിത്തിര, മാർത്താണ്ഡം കായലുകളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി പഠനം നടത്തി ഗവണ്മെന്റിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് അടിയന്തിരമായി നടപ്പിലാക്കാൻ അനുവാദം കൊടുത്താൽ ആ കായലുകളെ പുനരുദ്ധരിക്കാൻ വേണ്ടി തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : ഇത് എന്റെ വകുപ്പല്ല. ആദ്യം ഈ ഫയൽ ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മയ്ക്കുവന്നു. എനിക്ക് മാർക്ക് ചെയ്തു. ഞാൻ കോ-ഓപ്പറേറ്റീവ് മിനിസ്റ്റർക്ക് മാർക്ക് ചെയ്തു. കോ-ഓപ്പറേറ്റീവ് മിനിസ്റ്റർ എനിക്ക് മാർക്ക് ചെയ്തു. ഫയൽ ഇന്നലെ വൈകിട്ട് എന്റെയടുത്ത് എത്തി. ഇത് സഹകരണ സംഘങ്ങളാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് ഒരു കാര്യം പറയാം. എല്ലാ ആശയങ്ങളും വരട്ടെ. എല്ലാ നിർദ്ദേശങ്ങളും വരട്ടെ. വരുന്ന നിർദ്ദേശങ്ങളെല്ലാം പഠിച്ചുകൊണ്ട് ഗവണ്മെന്റിന് അന്തിമമായ ഒരു തീരുമാനം എടുക്കാം. പല നല്ല നിർദ്ദേശങ്ങളും വരുന്നത് ഗവണ്മെന്റിന് താൽപര്യമാണ്. ഇതിൽ (എ) ഉൾപ്പിരിവ് റവന്യൂവിന്റേയും (ബി) മുതലുള്ള ഉൾപ്പിരിവ് സഹകരണസംഘത്തിന്റേയുമാണ്. ഞങ്ങൾ പഠിച്ചിട്ടുണ്ട്. ഗവണ്മെന്റിനുവേണ്ടി ഉത്തരം പറയും. ഞാൻ പറയുന്നതിൽ ഒരു തെറ്റും ഇല്ല. ഏതു ചോദ്യത്തിനും ഉത്തരം പറയാം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇതൊരു പരാജയപ്പെട്ട പരീക്ഷണമാണ് എന്ന് തെളിയിച്ചിരിക്കുകയാണ്. ഏതാണ്ട് 8 വർഷത്തോളമായി കായൽ നിലങ്ങൾ തരിശായി കിടക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഈ പരീക്ഷണം പരാജയമാണെന്നറിഞ്ഞ സാഹചര്യത്തിൽ, പഴയ സാമൂഹ്യ സാഹചര്യങ്ങളൊക്കെ ഒരുപാട് മാറിയ ഈ സാഹചര്യത്തിൽ വളരെ അടിയന്തിരമായി സമയബന്ധിതമായി ഒരു എക്സ്പർട്ട് കമ്മിറ്റിയെവച്ച് ഈ കാര്യത്തിന്റെ നടപടിയിലേയ്ക്ക് പോകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : ഞാൻ അത് പറഞ്ഞു. ഏതെങ്കിലും ഒരു മന്ത്രിക്ക് ആദ്യമേ കയറി ഗവണ്മെന്റിനുവേണ്ടി ഒന്നും പറയാൻ പറ്റില്ല. ഇതൊരു ആധികാരികമായ പഠനം നടത്തണം,(1) ലിക്വിഡേറ്റ് റിപ്പോർട്ട് വരണം,(2) പഠനം നടത്തണം, ഒരു തീരുമാനം എടുക്കണം. അതിന് ഗവണ്മെന്റ് തയ്യാറാണ്. ഗവണ്മെന്റ് അതിൻമേൽ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട കൃഷിമന്ത്രി മറുപടി പറഞ്ഞപ്പോൾ കൃഷിമന്ത്രിയിൽനിന്നും റവന്യൂമന്ത്രിയ്ക്കും റവന്യൂ മന്ത്രിയിൽനിന്നും സഹകരണ മന്ത്രിക്കും സഹകരണ മന്ത്രി വീണ്ടും തട്ടി അങ്ങയുടെ കോർട്ടിലേയ്ക്കും തട്ടിയ ഫയൽ—രണ്ടര വർഷമായി. ഇതുതന്നെയാണ് ഇവിടത്തെ മുഖ്യ പ്രശ്നവും. ഗൗരവമായ ഒരു വിഷയം അങ്ങ് ശ്രദ്ധിച്ചാൽ മനസ്സിലാകും നമ്മുടെ കായൽ നിലങ്ങളിൽ നമുക്ക് ആദായകരമായിട്ടുള്ള കൃഷി നടത്താൻ കഴിയും. അങ്ങ് ഇതിലെല്ലാം പരിണതപ്രജ്ഞനാണ്. അങ്ങ് വളരെ കാര്യമായിട്ടു തന്നെ പറഞ്ഞിട്ടുമുണ്ട് ഞാൻ എല്ലാത്തിനും മറുപടി പറയാം എന്ന്. ഈ 4 ജില്ലകളിൽ പരന്നുകിടക്കുന്ന കൃഷിഭൂമി കാർഷികയോഗ്യമാക്കാനും, ആദായകരമാക്കാനും കഴിയത്തക്ക നിലയിൽ, പാടശേഖരസമിതിക്ക് ഈ മേഖലയിൽ കൃഷി നടത്തുമ്പോൾ എങ്ങനെയൊക്കെ ആദായകരമായി നടത്താൻ കഴിയുന്നുവോ അത് പരിഗണിച്ച് തണ്ണീർമുക്കം ബണ്ട് തുറന്നുവിടുന്നതിനും കൃഷിയിറക്കുന്നതിനും വ്യക്തമായിട്ടുള്ള ഒരു കലണ്ടർ തയ്യാറാക്കി ഈ മേഖലയിലെ കൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുട്ടനാട്ടിലെ നെൽ കൃഷി മേഖലയുടെ സമഗ്രമായ വികസനം ഗവണ്മെന്റിന്റെ അജണ്ടയിലുള്ളതാണ്. അതിനെ സംബന്ധിച്ചിടത്തോളം നമുക്ക് ആലോചിച്ച് ഒരു തീരുമാനം എടുക്കാം. ഒരു പദ്ധതി തയ്യാറാക്കാം. ബഹുമാനപ്പെട്ട മെമ്പറുടെ നല്ല അഭിപ്രായങ്ങൾ സ്വീകരിക്കാം.

ശ്രീ. സി. പി. മുഹമ്മദ് : സർ, റാണി, ചിത്തിര, മാർത്താണ്ഡം കായലുകളിൽ ഒരിക്കൽ കൃഷി നടത്തി ലാഭകരമാക്കിയതും അതിന്റെ ഇന്നത്തെ ദുരവസ്ഥയും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ഒന്നോ, രണ്ടോ പേർ ലൈസൻസ് എടുത്ത് വ്യാപകമായി കക്ക വാരുന്ന ഈ ഭൂമിയിൽ സർക്കാരിനും അവിടത്തെ കൃഷിക്കാർക്കും ഉപകാരപ്രദമായ രീതിയിൽ മൽസ്യകൃഷി നടത്തുന്നതിന് വിട്ടുകൊടുക്കുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. എം. മാണി : കക്ക വാരുന്നതിനെ സംബന്ധിച്ചിടത്തോളം, അനധികൃതമായി കക്ക വാരുന്നത് തടയാനായി ഗവണ്മെന്റ് നടപടി സ്വീകരിക്കും. അങ്ങനെ തടയുമ്പോഴേയ്ക്കും തൊഴിലാളികൾക്ക് ജോലി പോകുന്നു എന്നുപറഞ്ഞുകൊണ്ട് വേറൊരു ഭാഗത്തുനിന്നും മെമ്മോറാണ്ടങ്ങളുമായി ആളുകൾ ഗവണ്മെന്റിനെ സമീപിക്കും. ഏതായാലും ഒരു കാര്യം ചെയ്യാം, അനധികൃതമായി കക്ക വാരൽ ഗവണ്മെന്റ് ഒരിക്കലും അനുവദിക്കില്ല. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, മൽസ്യം പിടിക്കാൻ വിട്ടുകൊടുക്കുന്ന ഒരു പോളിസി ഗവണ്മെന്റിനില്ല. കൃഷി നടത്തുന്നിടത്ത് ആ കൃഷി കഴിഞ്ഞതിനുശേഷം മൽസ്യം പിടിത്തം ഗവണ്മെന്റിന്റെ പോളിസിയാണ്. കൃഷി നശിപ്പിച്ചുകൊണ്ട് മൽസ്യം പിടിത്തം ഇല്ല. "കൃ.എസ്.റ്റി." കായലിൽ ബണ്ട് ഉണ്ടായിരുന്നതാണ് അതിൽ ഒരുപാട് കൊള്ളരുതായ്മകളും നടന്നിട്ടുണ്ട്. ഭരണസമിതികളായിട്ട് വന്നവരുടെ കൊള്ളരുതായ്മകളുണ്ട്. അത് നടത്താതെ വന്നതുണ്ട്. ഇതൊക്കെക്കൊണ്ടാണ് നഷ്ടം വന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ നാല് ജില്ലകളിലെ കായൽ ഏറ്റെടുത്തതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. പാലക്കാട് ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലുള്ള രണ്ട് കായലുകൾ ഇതിന്റെ ഭാഗമായിട്ട് ഏറ്റെടുത്തിട്ടുണ്ട്.

അവിടെ സർക്കാർ മിച്ചഭൂമിയായിട്ടാണ് ഇതൊക്കെ ഏറ്റെടുത്തിട്ടുള്ളത്. ഇപ്പോൾ മിച്ചഭൂമി ആർക്കും വിതരണം ചെയ്തിട്ടുമില്ല. അതിന്റെ ഭാഗമായി വീണ്ടും സർക്കാർ വില നിശ്ചയിച്ച് കൊടുത്ത ഈ ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ സംസ്ഥാന വ്യാപകമായി ഈ സർക്കാരിന്റെ കായൽ നിലങ്ങൾ സ്വകാര്യ വ്യക്തികൾ കൈയേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കൈയേറ്റക്കാരെ ഗവണ്മെന്റ് ഒരിക്കലും അനുവദിക്കുകയില്ല. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടാൽ നടപടി സ്വീകരിക്കാം. എനിക്ക് അപ്രിയമായി തോന്നിയ ചില സത്യങ്ങൾ ശ്രീമതി ഗൗരിയമ്മ ഇപ്പോൾ പറഞ്ഞു. ഇതിന്റെയൊക്കെ പരാജയത്തിന് മുഖ്യ കാരണം ഭരണസമിതിയുടെ കാര്യക്ഷമതയില്ലായ്മയും, അവരുടെ കൊള്ളരുതായ്മയുമായിരുന്നു. അതുകൊണ്ട് അങ്ങനെയുള്ള അനുഭവം ഉണ്ടാകാതെ ഇനി എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമ്പോൾ അത് തടഞ്ഞുകൊണ്ടായിരിക്കണം, ഇതിന് പ്രതിവിധി കണ്ടുകൊണ്ടായിരിക്കണം നമുക്ക് ഒരു പദ്ധതി ഉണ്ടാക്കേണ്ടത്. അത് ഗവണ്മെന്റ് ആലോചിക്കണം.

ശ്രി. കെ. കെ. ഷാജു : സർ, എന്റെ പഞ്ചായത്തിലാണ് ഈ മൂന്നു കായലുകൾ, കു.എസ്.ടി. എന്നുപറയുന്ന റാണി, ചിത്തിര, മാർത്താണ്ഡം എന്നീ കായലുകൾ ഗവണ്മെന്റ് ഏറ്റെടുത്തപ്പോഴാണ് "കു.എസ്.റ്റി." എന്ന നിലയിൽ അതിന്റെ പേരു വന്നത്. ഇവിടത്തെ ആത്യന്തികമായ പ്രശ്നം അവിടെ ഭൂമി വിതരണം ചെയ്തു കൊടുത്തത് നിലവിലുള്ള ആക്ടിന് വിരുദ്ധമായിട്ടാണ്. മിച്ച ഭൂമി വിതരണം ചെയ്തപ്പോൾ അതാത് താലൂക്കിൽപെട്ട ആളുകൾക്ക് വിതരണം ചെയ്യണമെന്നാണ് വ്യവസ്ഥ. ഇത് എട്ടും പത്തും കി.മീ. മുതൽ 25 കി.മീ.-ന് അപ്പുറമുള്ള ആളുകൾക്ക് ഒരു ഏക്കറും അതിനു താഴെയും ഭൂമി വിതരണം ചെയ്തു. അപ്പോൾ ദൂരെ ദേശത്തുള്ളവർക്ക് കൃഷി ചെയ്യാൻ പറ്റാത്തതുകൊണ്ട് അവർ അടുത്തുള്ള ആളുകൾക്ക് പാട്ടത്തിന് കൊടുത്തു. അതിനെതിരായി മാർക്സിസ്റ്റ് പാർട്ടി സമരം നടത്തി, പാട്ടക്കൃഷി അവസാനിപ്പിച്ചു. അതോടുകൂടി രണ്ട് കായൽ നിലങ്ങൾ തരിശായി മാറി. ഈ തരിശായി മാറിയ കായൽ നിലങ്ങളിൽ ആയിരക്കണക്കിന് ചെറു വള്ളങ്ങളും, ഇവിടെ പറയുന്ന കോട്ടയത്തെ സിമന്റ് ഫാക്ടറിയും ചേർന്ന് കക്ക വാരി വേമ്പനാട്ട് കായലിനേക്കാൾ ആഴമുള്ള ഭാഗമായി മാറിയിരിക്കുകയാണ്. എന്റെ ചോദ്യം അവിടെ കൃഷി നിലനിർത്താൻ കഴിയണമെങ്കിൽ നേരത്തെ പറഞ്ഞ സ്കീം നടപ്പിലാക്കുന്നതോടൊപ്പം അവിടെ ഇപ്പോൾ വ്യാപകമായി നടത്തിക്കൊണ്ടിരിക്കുന്ന കക്ക വാരൽ അവസാനിപ്പിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ എന്നാണ് ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ കുറേ നല്ല അറിവുകൾ ഞങ്ങൾക്ക് നൽകുകയുണ്ടായി. വാസ്തവത്തിൽ ഈ കാര്യങ്ങളൊന്നും അറിയാൻ പാടില്ലായിരുന്നു. കക്ക വാരൽകൃഷിക്ക് തടസ്സമായിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി പരിശോധിക്കാമെന്ന് ഞാൻ ആദ്യമേ പറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ തടയാം. ഏതായാലും അതിനെപ്പറ്റി തുറന്ന മനസ്സോടുകൂടി ആലോചിക്കാം. ആകെ കൊടുത്തിരിക്കുന്നത് ട്രാവൻകൂർ സിമന്റ് സിന് മാത്രമേയുള്ളൂ. അത് അടുത്ത കാലത്ത് കൊടുത്തിട്ടുള്ളതാണ്. പഴയ കാലത്ത് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. അതിന് ബുദ്ധിമുട്ടുണ്ടോയെന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്ജ് : സർ, ബഹുമാനപ്പെട്ട രണ്ടുമന്ത്രിമാരും സൂചിപ്പിച്ചതും ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും ക്രമക്കേടുകളും കാരണമാണ് ഇത് സംഭവിച്ചതെന്നാണ്. 1991-ലാണ് അതിൽ liquidator – റെ നിയമിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 1991 മുതൽ liquidator പ്രവർത്തിക്കുന്നു. ഇതുവരെ റിപ്പോർട്ട് തരാൻ കഴിഞ്ഞിട്ടില്ല. ദീർഘനാളുകൾ കഴിഞ്ഞിരിക്കുന്നു. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടറാണ് ഇതിന്റെ ലിക്വിഡേറ്ററായി പ്രവർത്തിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഒരു ഫുൾ ടൈം ഉദ്യോഗസ്ഥനെ വച്ച് സമയബന്ധിതമായി റിപ്പോർട്ട് സ്വീകരിച്ച് ഭരണസമിതിയിലെ ക്രമക്കേടും കെടുകാര്യസ്ഥതയും കാണിച്ചവർക്കതിരെ നടപടിയെടുത്ത് പുതിയ ഒരു ക്രമീകരണം ചെയ്യാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : മെമ്പർ പറഞ്ഞത് ശരിയാണ്. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ അഡീഷണൽ ചാർജ്ജ് കൊടുത്താണ് വച്ചിരിക്കുന്നത്. ഒരു ഫുൾ ടൈം ലിക്വിഡേറ്റർ ഇല്ല. ഏതായാലും ഇപ്പോൾ പന്ത്രണ്ട്, പതിമൂന്ന് വർഷം കഴിഞ്ഞു. ഇത്രയും കാലതാമസം വരുന്നത് വാസ്തവത്തിൽ ശരിയല്ല. ഏതായാലും ഇത് ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായും ഗവണ്മെന്റെടുക്കാം. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ഇത് പെടുത്തുകയും ചെയ്യാം.

പച്ചക്കറി സംഭരണം

*2 [212] ശ്രീ. എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പി. ജെ ജോയി:
,, അടൂർ പ്രകാശ് :
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് എത്ര പച്ചക്കറി ഉൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു ;

(ബി) ഇവ ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു;

(സി) ഈയിനത്തിൽ ഈ സംഘങ്ങൾക്ക് എന്ത് വരുമാനമുണ്ടായി;

(ഡി) ഈ കോർപ്പറേഷന്റെ പച്ചക്കറി വിൽപ്പന സ്റ്റാളുകളിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ടൺ പച്ചക്കറി വിറ്റു ;

(ഇ) ഇതു മുഴുവൻ ഈ കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പച്ചക്കറി ഉൽപ്പാദക സംഘങ്ങളിൽനിന്നാണോ സംഭരിച്ചത്;

(എഫ്) അല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ പച്ചക്കറി വിൽപ്പന സ്റ്റാളുകൾക്കാവശ്യമായ പച്ചക്കറി മറ്റെവിടെയെല്ലാം നിന്നാണ് സംഭരിച്ചതെന്ന് വെളിപെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly